Bishop George Rajendran sdb
Diocese of Thuckalay
ஆயர் சுற்றுமடல்
Bishop's House, P B No: 12,Thuckalay PO, Kanya kumari Dt- 629 175, Tamil Nadu, India

**Circular letter No/GR/30/2021**

## ஆயர் சுற்றுமடல்

"ദൈവവിളി പ്രാർത്ഥനാ ദിനാചരണം"

ഈശോ മിശിഹായിൽ ഏറ്റവുമധികം സ്നേഹിക്കപ്പെടുന്ന വൈദികരെ, സന്യസ്തരെ, ദൈവജനമേ !

ഉയിർപ്പുകാലം നാലാം ഞായർ തിരുസഭയിൽ ദൈവവിളിക്കുള്ള ആഗോള പ്രാർത്ഥനാദിനമായി ആചരിക്കുവാൻ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുന്നത് നമുക്കേവർക്കും അറിവുള്ള കാര്യമാണല്ലോ. ലോക ദൈവവിളി പ്രാർത്ഥനാദിനം ആദ്യമായി തുടങ്ങിവച്ചത് പോൾ ആറാമൻ മാർപാപ്പ 1963 ലാണ്.

തക്കല രൂപത രജത ജൂബിലി ആഘോഷിക്കുന്ന ഈ വർഷം ദൈവവിളി ദിനാചരണം നമ്മെ സംബന്ധിച്ചു വലിയ പ്രാധാന്യം അർഹിക്കുന്നതാണ്. പൗരോഹിത്യ സമർപ്പണ ജീവിതത്തിലേക്ക് ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ വലിയ ആവശ്യമായി മാറിക്കഴിഞ്ഞു. ദൈവവിളിയുടെ വിത്തുകൾ ദൈവം തന്നെയാണ് ഒരാളിൽ നിക്ഷേപിക്കുന്നത്.

ദൈവവിളിയുടെ തിരിച്ചറിവിനും പരിപോഷണത്തിനും മാതാപിതാക്കൾക്കും കുടുംബാന്തരീക്ഷത്തിനും നിർണ്ണായകമായ പങ്കാണുള്ളത്. മാതാപിതാക്കളുടെ പ്രോത്സാഹനവും, പ്രാർത്ഥനയും, ജീവിത മാതൃകയും അതിപ്രധാനമാണ്. ശരിയായ പ്രാർത്ഥനാ ചൈതന്യവും, തിരുസഭയോടുള്ള സ്നേഹവും, ഇടവക ദൈവാലയത്തിലുള്ള സജീവ പങ്കാളിത്തവും പുലർത്തുന്ന കുടുംബങ്ങളിൽ നിന്നാണ് നല്ല ദൈവവിളികൾ രൂപം കൊള്ളുന്നത്.

ദൈവവിളികൾ തിരിച്ചറിയാനും പരിപോഷിപ്പിക്കാനുമുള്ള ചുമതല സഭയ്ക്കുണ്ട്. വൈദികരുടെ, പ്രത്യേകിച്ച് വികാരിമാരുടെ സൂക്ഷ്മമായ ശ്രദ്ധയും, താൽപ്പര്യവും, സഹകരണവും അത്യന്താപേക്ഷിതമാണെന്ന് പ്രത്യേകം

ഓർമ്മിപ്പിക്കുന്നു. സമർപ്പിത ജീവിതം നയിക്കുന്ന സന്യാസിനിമാരും (സിസ്റ്റേഴ്സ്) ദൈവവിളി പ്രോത്സാഹനത്തിൽ ഏറേ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സിസ്റ്റേഴ്സിന്റെ പ്രാർത്ഥനയും, കുഞ്ഞുങ്ങൾക്ക് അവർ നൽകുന്ന പരിശീലനവും ദൈവവിളിയുടെ പരിപോഷണത്തിന് സഹായകമാണെന്ന കാര്യം എടുത്തുപറയട്ടെ. സെമിനാരികളിലും ഇതര പരിശീലന രംഗങ്ങളിലും പ്രവർത്തിക്കുന്ന പരിശീലകരായ വൈദികർക്ക് ദൈവവിളികളുടെ തിരിച്ചറിവിന് പ്രായോഗികമായും ക്രിയാത്മകമായും സഹകരിക്കാൻ കടപ്പാടുണ്ട്. ദൈവവിളി പരിപോഷണത്തിന് അൾത്താര ബാലന്മാരുടെ രൂപീകരണവും മിഷൻ ലീഗ് പ്രേക്ഷിത സംഘടനയുടെ ഉണർവും ഏറേ ശ്രദ്ധിക്കപ്പെടേണ്ട മേഖലകളാണ്.

പൗരോഹിത്യ സമർപ്പിത ജീവിതത്തിലേക്ക് കൂടുതൽ കൂടുതൽ ദൈവവിളികൾ നമ്മുടെ രൂപതയ്ക്ക് ആവശ്യമുണ്ട്. വൈദിക ദൈവവിളിയിൽ നമ്മുടെ രൂപതയിൽ കാര്യമായ കുറവ് ഇതിനകം തന്നെ വന്നുകഴിഞ്ഞുവെന്നു ഏറേ വേദനയോടെ അറിയിക്കട്ടെ. മുപ്പതോളം വൈദികവിദ്യാർത്ഥികൾ പഠിച്ചിരുന്ന നമ്മുടെ മൈനർ സെമിനാരിയിൽ ഇപ്പോൾ വിരലിൽ എണ്ണാവുന്ന വൈദികവിദ്യാർത്ഥികൾ മാത്രമാണ് ഉള്ളത്. രൂപതയുടെ ഹൃദയം എന്നുതന്നെ വിശേഷിപ്പിക്കുന്ന മൈനർ സെമിനാരിയുടെ നിലനിൽപ്പിനെ തന്നെ സാരമായി ബാധിക്കുന്ന രീതിയിൽ വൈദിക ദൈവവിളിയിൽ ഗണ്യമായ കുറവ് വന്നിരിക്കുന്നു.

തക്കല രൂപതയ്ക്ക് മിഷൻ പ്രവർത്തനം നടത്തുവാൻ തമിഴ്നാട്ടിൽ പുതിയതായി 8 ജില്ലകൾ കൂടി ലഭിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രേഷിത ചൈതന്യവും തീക്ഷ്ണതയുമുള്ള വൈദികരുടെയും സമർപ്പിതരുടേയും ആവശ്യകതയുണ്ട്. വിളവധികം വേലക്കാർ ചുരുക്കം എന്ന അവസ്ഥ ഇവിടെ രൂക്ഷമായിരിക്കുന്നു. പെൺകുട്ടികളുടെ ദൈവവിളിയിലും വലിയ കുറവ് സംഭവിച്ചിരിക്കുന്നത് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്. രൂപതയിൽ പല പ്രദേശങ്ങളിലും സിസ്റ്റർമാരുടെ മഹത്തായ ശുശ്രൂഷ തുടരുവാൻ സാധിക്കാത്ത വിധത്തിൽ അവരുടെ വിളിയിൽ സാരമായ കുറവ് വന്നിട്ടുണ്ട്. ഇപ്രകാരമുള്ള സാഹചര്യത്തിൽ നാം ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും സഹകരിക്കുകയും വേണം. വൈദികരും സമർപ്പിതരും മാതാപിതാക്കളും ദൈവജനവും ആത്മാർത്ഥമായി പരിശ്രമിച്ചു രൂപതയുടെ പ്രേഷിത ദൗത്യത്തെ ശക്തിപ്പെടുത്തണമെന്ന് ഞാൻ ആത്മാർഥമായി ഓർമ്മിപ്പിക്കുന്നു.

ദൈവവിളിയെ അവഗണിക്കുന്നത്തും നിരുത്സാഹപ്പെടുത്തുന്നതും തിരസ്കരിക്കുന്നതും ദൈവകൃപയ്ക്ക് എതിരായി ചെയ്യുന്ന

വലിയതെറ്റുതന്നെയാണ്. ദൈവവിളി ലഭിക്കുന്നവർ വിനയത്തോടും നന്ദിയോടും കൂടെ അത് സ്വീകരിക്കുകയും അതിനോട് മരണംവരെ വിശ്വസ്തത പുലർത്തുകയും വേണം. ലോകത്തിന്റെ വിവിധങ്ങളായ ആകർഷകങ്ങളുടെ മദ്ധ്യേ ദൈവത്തിന്റെ വിളിയുടെ സ്വരവും സ്വഭാവവും തിരിച്ചറിഞ്ഞു ശരിയായ പ്രത്യുത്തരം നല്കാൻ സഭാമക്കൾ സജ്ജരാകണം. "ഇതാ ഞാൻ എന്നെ അയച്ചാലും ........." എന്ന് ഏശയ്യ പ്രവചകനെപ്പൊലെ പറയാൻ സാധിക്കുന്നതാണ് യഥാർത്ഥ ദൈവവിളി. മാതാപിതാക്കളുടെയും, വികാരിയച്ചന്മാരുടെയും, സിസ്റ്റർമാരുടെയും, മതാദ്ധ്യാപകരുടെയും ആത്മാർത്ഥമായ ശ്രദ്ധയും താൽപ്പര്യവും ഈ കാര്യത്തിൽ ഉണ്ടാകണമെന്ന് ഓർമിപ്പിക്കട്ടെ.

വിശുദ്ധ യൗസേപ്പിതാവിനുവേണ്ടി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഈ വർഷം ദൈവവിളിക്കായുള്ള ആഗോള പ്രാർത്ഥനാ ദിനത്തിന്റെ സന്ദേശത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ മാതൃക പിഞ്ചെല്ലാൻ 3 പദങ്ങളാണ് ഫ്രാൻസിസ് മാർപാപ്പ ഉപയോഗിക്കുന്നത്. സ്വപ്നങ്ങൾ, ശുശ്രൂഷ, വിശ്വസ്തത. ദൈവത്തിന് നമ്മെക്കുറിച്ചുള്ള സ്വപ്നങ്ങൾ യാഥാർഥ്യമാക്കുവാൻ നമ്മെ എല്ലാവരെയും, പ്രത്യേകിച്ച് ദൈവവിളി തിരിച്ചറിയാൻ കുട്ടികളെയും, യുവജനങ്ങളെയും വിശുദ്ധ യൗസേപ്പിതാവ് സഹായിക്കട്ടെ. ജീവിത വിശ്വസ്തതയോടുകൂടി ഈശോക്ക് സമ്മതം പറയാൻ അവിടുത്തെ ശുശ്രുഷിക്കാൻ അദ്ദേഹം നമ്മെ പ്രാപ്തരാക്കട്ടെ.

ഏപ്രിൽ 25 ഞായറാഴ്ച ദൈവവിളി പ്രാർത്ഥനാ ദിനമായി ആഘോഷിക്കാൻ രൂപതാ ദൈവവിളി കാര്യാലയത്തിൽ നിന്നും ലഭിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ദൈവവിളിയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവ് അവിടുത്തെ പിതൃഹൃദയത്തോടുകൂടി നിങ്ങൾക്കൊപ്പമുണ്ടാകട്ടെ.

**பொது நிலையினர் பணிக்குழு :**

திருச்சபையின் மீட்பு பணியோடு இணைந்து அரசியல் கட்சிகளுக்கு அப்பாற்பட்ட ஓர் அமைப்பே கத்தோலிக்க காங்கிரஸ். சீரோ மலபார் திருச்சபையினரின் அரசியல் பொருளாதார சமூக சமய மேம்பாடு, உள்ளார்ந்த எழுச்சி ஆகிய இலக்குகளோடு இது தொடங்கப்பட்டது. நமது மறைமாவட்டத்தில் இது பொதுநிலையினர் பணிக்குழு என அழைக்கப்படுகிறது. உறுதியான சமுதாய அடிப்படை சிந்தனைகளை வழங்கிடவும் நம்பிக்கை வாழ்வில் நிலைநிற்கவும், சமுதாய பார்வையுள்ள பொதுநிலையினரை உருவாக்குவதுமே இவ்வமைப்பின் நோக்கமாகும். நம் மக்கள் ஒருவரை ஒருவர் அறிந்து கொள்ளவும் ஒருவருக்கொருவர் உதவி செய்யவும் ஒன்றித்த ஆற்றல் பெறுவதற்கானதுமே இவ்வமைப்பு. நமது மறைமாவட்டத்திலுள்ள அனைத்து அமைப்புகளோடும் தோளோடு தோள் கொடுத்து செயல்பட இவ்வமைப்பு

உருவாக்கப்பட்டுள்ளது. நமது சூழலுக்கேற்ப நமது செயல்களை திட்டமிட்டு நமது பொருளாதார நிலையை மேம்படுத்தவும் நம்மவர்க்கு வேலை வாய்ப்புகளை உருவாக்கவும் பாதுகாப்பான வளமான எதிர்காலத்தை உருவாக்கவும் ஆக்கபூர்வமான கலந்துரையாடல்கள் மூலம் நல்ல செயல்திட்டங்களை உருவாக்கவும் இவ்வமைப்பு வழி யாவரையும் அன்புடன் அழைக்கிறேன்.

நமது மறைமாவட்டத்தில் பொதுநிலையினர் பணிக்குழுக்கள் மறைவட்டங்கள் அளவிலும் மறைமாவட்ட அளவிலும் ஏற்படுத்தப்பட்டு செயல்படுகிறது. திரு. தனசிங் அவர்கள் (வாறுதட்டு) மறைமாவட்ட தலைவராக செயல்படுகிறார். இப்பணியினை பங்கு அளவில் தொடர நமது மறைமாவட்டத்திற்குட்பட்ட அனைத்து பங்குகளிலும் இப்பணிக்குழுவின் அலகுகள் ஏற்படுத்தப்பட வேண்டும். எனவே நீங்கள் பங்கு தந்தையோடு இணைந்து உங்கள் பங்குகளிலிருந்து தேர்ந்தெடுக்கப்பட்ட பிரதிநிதிகளோடு ஒரு குழுவை ஏற்படுத்தி அக்குழுவிற்கு தலைவர் துணைத்தலைவர் செயலர் பொருளர் ஆகியோர்களை தேர்ந்தெடுத்து பங்கு தந்தையிடம் பெயர்களை 02-05-2021 க்குள் ஒப்படைக்கும் படி அன்போடு கேட்டுக்கொள்கிறேன்.

ദൈവം നമ്മേയും നമ്മുടെ കുടുംബങ്ങളെയും ജോലി മേഖലകളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

*ഈശോ മിശിഹായിൽ സ്നേഹപൂർവ്വം,*

ஆயர் இல்லம்
16.04.2021

**✞ മാർ ജോർജ് രാജേന്ദ്രൻ SDB**
തക്കല രൂപത മെത്രാൻ

---

இச்சுற்றுமடலை அனைவரது புரிதலுக்காக 18/04/2021 அன்று திருப்பலியிடையே அனைத்து ஆலயங்களிலும் வாசிக்கவும்.